# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3269** **11.05.2017- ൽ മറുപടിക്ക്**

### കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിനായി നടപടികൾ

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിലെ കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (എ) കേരളത്തിലെ കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി.<br>2) പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.<br>3) ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.<br>4) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.<br>5) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.<br>6) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ് ഇൻക്യൂബേറ്റർ.<br>7) നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദനപരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം.<br>8) കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ.<br>9) അംശദാന സമ്പാദ്യ പദ്ധതി.<br>10) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന).<br>11) വിപണന കയറ്റുമതി പ്രോത്സാഹനം.<br>12) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.<br>13) പരിശീലനം, നൈപുണ്യം, ശേഷി വികസനം.<br>14) കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം.<br>15) കൈത്തറി തൊഴിലാളികളുടെ സർവ്വേ |

(ബി) പ്രതിസന്ധിയിലായ കൈത്തറി സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി രൂപീകരിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുക എന്നതിനു പുറമേ കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും ജോലി നൽകി അവരുടെ വേതനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു.

2017-18 വർഷത്തിൽ ഒരു വീട്ടിൽ ഒരു തറി പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിലൂടെ തറി സ്ഥാപിക്കാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75% സർക്കാർ സഹായം നൽകും. ഇതു വഴി കൈത്തറി മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കുവാൻ സാധിക്കും.

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും നെയ്ത്തുകാർക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപാദന ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ആവശ്യമനുസരിച്ച് ഒരു പ്രദേശത്ത് പരിജ്ഞാനം ലഭിച്ച ഒരു ഡിസൈനറെ വീതം ഉൾപ്പെടുത്തി ഒരു വർഷത്തേക്ക് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

(സി) കൈത്തറി സഹകരണ സംഘങ്ങളുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

(സി) കൈത്തറി ഉൽപന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനായി ജില്ലാതലത്തിൽ ഓണം, വിഷു, ക്രിസ്തുമസ്, റംസാൻ പോലുള്ള അവസരങ്ങളിൽ കൈത്തറി മേളകൾ നടത്താൻ ധനസഹായം അനുവദിക്കുന്നുണ്ട്. പ്രസ്തുത മേളകളിൽ പങ്കെടുക്കുന്ന സഹകരണസംഘങ്ങൾക്ക് ചെലവായ തുക ഗ്രാന്റ് ആയി അനുവദിക്കുന്നുണ്ട്. കൂടാതെ നിശ്ചിത കാലയളവിൽ വില്പന നടത്തുന്ന കൈത്തറി ഉൽപന്നങ്ങൾക്ക് റിബേറ്റ് നൽകി വിൽപനയെ

സഹായിക്കുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ട്രേഡ് ഫെസ്റ്റിവലുകളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് ആവശ്യമുള്ള സഹായം നൽകി വരുന്നു. സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകളിൽ സംഘങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു. ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുത്ത് ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നു.

**സെക്ഷൻ ഓഫീസർ**